No/450/2022/SRG/LSGD/CC(9)

**<u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ന നടന്ന യോഗത്തിന്റെ നടപടി വിവരം</u>**

**<u>3. പൊതുവിഷയം</u>**

2) എസ്.ആർ.ജി.യുടെ 31.01.2023-ൽ കൂടിയ യോഗം ശുപാർശ ചെയ്ത പ്രകാരമുള്ള തീരുമാനങ്ങൾ

ii. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ചില സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മറ്റ് ആവശ്യങ്ങൾക്കും കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കേണ്ടി വരും. ഇപ്രകാരം കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വാടക നിശ്ചയിച്ച നൽകുന്നത് PWD (Buildings) ആണ്. തദ്ദേശഭരണ വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗമുള്ള സാഹചര്യത്തിൽ PWD ക്ക പകരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനു (തദ്ദേശ്വസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്) തന്നെ വാടക നിശ്ചയിക്കാവുന്നതാണ്. ഇതിനായി PWD മാന്വൽ പ്രകാരമുള്ള മാനദണ്ഡം പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**